<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2189**</u> <u>**12-02-2024 - ൽ മറുപടിയ്ക്ക്**</u>

<u>**പുനലൂരിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാൻ നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കൊല്ലം റൂറൽ പോലീസ് ജില്ലയിൽ നിന്നും പുനലൂരിൽ ഒരു ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി അയച്ചിട്ടുള്ള പ്രൊപ്പോസൽ പോലീസ് ആസ്ഥാനത്ത് നിന്നും സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | **ഉണ്ട്. 43 പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചിരുന്നു. പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാനാവില്ലായെന്നും ട്രാഫിക് മാനേജ്മെന്റിനായി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുവാനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകിയിരുന്നു.** |
| (ബി) | എങ്കിൽ, പോലീസ് ആസ്ഥാനത്ത് നിന്നും പ്രൊപ്പോസലിന്മേൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | തമിഴ്നാട് അതിർത്തിയോട് ചേർന്നതും നാഷണൽ ഹൈവേ 744, മലയോര ഹൈവേ എന്നിവ കടന്ന് പോകുന്നതും പി.ഡബ്ല്യു.ഡി. യുടെ വിവിധ റോഡുകൾ സംഗമിക്കുകയും ചെയ്യുന്ന പുനലൂരിൽ ഒരു ട്രാഫിക്ക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ